CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ലദീഞ്ഞ്

## Knanaya Catholic Region

St. Thomas Syro-Malabar Catholic Diocese of Chicago

*(For private use only)*

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

### ലുത്തിനിയ

കർത്താവേ, കനിയണമേ
മിശിഹായേ, കനിയണമേ
കർത്താവേ, ഞങ്ങളുണയ്ക്കും
പ്രാർത്ഥന സദയം കേൾക്കണമേ.

സ്വർഗ്ഗപിതാവാം സകലേശാ,
ദിവ്യാനുഗ്രഹമേകണമേ;
നരരക്ഷകനാം മിശിഹായേ,
ദിവ്യാനുഗ്രഹമേകണമേ.

ദൈവാത്മാവാം സകലേശാ,
ദിവ്യാനുഗ്രഹമേകണമേ;
പരിപാവനമാം ത്രീത്വമേ,
ദിവ്യാനുഗ്രഹമേകണമേ.

***ന. കർത്താവിന്റെ തിരുനാളുകൾക്ക്***

നൃപനാം മിശിഹാ കർത്താവേ,
നിത്യപിതാവിൻ പ്രിയസൂനോ;
മർത്യകുലത്തിൻ രക്ഷകനേ,
ദിവ്യാനുഗ്രഹമേകണമേ.

നരനുടെ നിലവിളി കേട്ടവനേ,
നരനെത്തേടിയണഞ്ഞവനേ,
കനിവുനിറഞ്ഞൊരു നല്ലിടയാ,
ദിവ്യാനുഗ്രഹമേകണമേ.

പാപം പൂട്ടിയ നാകത്തിൻ
പാവനവാതിൽ തുറന്നവനേ,
മാനവനാശ പകർന്നവനേ,
ദിവ്യാനുഗ്രഹമേകണമേ.

അദ്ധ്വാനിച്ചു വലഞ്ഞവനും
ഭാരമെടുത്തു കുഴഞ്ഞവനും
സാന്ത്വനമരുളിയ ഗുരുനാഥാ,
ദിവ്യാനുഗ്രഹമേകണമേ.

മർത്യനു നേർവഴികാട്ടിടുവാൻ
അത്തലകറ്റി നയിച്ചിടുവാൻ
ഭൂരിരുൾ നീക്കിയുദിച്ചവനേ,
ദിവ്യാനുഗ്രഹമേകണമേ.

പുതിയൊരു കൽപന നല്കിടുവാൻ
പുതിയൊരു ജീവനുണർത്തിടുവാൻ
ധരണിയിൽ വന്നു പിറന്നവനേ,
ദിവ്യാനുഗ്രഹമേകണമേ.

ദിവ്യശരീരം ഭോജനമായ്
മാനവനേകിയ ദൈവസുതാ,
കരുണാനിധിയാം കർത്താവേ,
ദിവ്യാനുഗ്രഹമേകണമേ.

വിനയത്തിൻ തിരുദർപ്പണമേ,
ശാന്തഗുണത്തിൻ പാർപ്പിടമേ,
ദുഃഖിതനുഴിയിലാശ്രയമേ,
ദിവ്യാനുഗ്രഹമേകണമേ.

***(ശേഷം പേജ് 3 കോളം 2ൽ)***

***മാതാവിന്റെ തിരുനാളുകൾക്ക്***

കന്യാമേരീ, വിമലാംബേ,
ദൈവകുമാരനു മാതാവേ,
രക്ഷകനുഴിയിലംബികയേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

Christian Musicological Society of India

www.TheCMSIndia.org

Christian Musicological Society of India

www.TheCMSIndia.org

## ന. കർത്താവിന്റെ തിരുനാളുകൾക്ക്

കനിവൊടു നരനെ സൃഷ്ടിച്ചു;
കുരിശാലവനെ രക്ഷിച്ചു;
സ്വർഗ്ഗവുമവനു തുറന്നരുളി.

ആരഖിലേശാ വർണ്ണിക്കും
ചിതമായ് നിന്നുടെ കാരുണ്യം
നിസ്തുലമങ്ങേ നന്മകളും.

അന്വേഷിപ്പിൻ കണ്ടെത്തും;
മുട്ടുന്നവനു തുറക്കുന്നു;
ചോദിപ്പവനു ലഭിക്കുന്നു..

കർത്താവേ, നിൻ വാതിൽക്കൽ
പാപികൾ മുട്ടിവിളിക്കുമ്പോൾ
സദയം വാതിൽ തുറക്കണമേ.

## മാതാവിന്റെ തിരുനാളുകൾക്ക്

അമലോത്ഭവയാം മാതാവേ-നിൻ
പാവന പാദം ചേരുന്നു;
കനകാലയമേ, കന്യാംബേ,
പരലോകത്തിൻ വാതിൽ നീ.

കദനം തിങ്ങിയിതാ ഞങ്ങൾ-നിറ
കണ്ണുകളോടെ കേഴുന്നു;
കരുണ നിറഞ്ഞൊരു നാഥേ, നീ
വിരവൊടു തൃക്കൺപാർക്കണമേ.

നിത്യമനോഹര സൗഭാഗ്യം-നിൻ
സുതനുടെ കനിവാൽ നേടീടാൻ
സുതവത്സലയാം മാതാവേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

## മറ്റു വിശുദ്ധരുടെ തിരുനാളുകൾക്ക്

ലോകത്തിൻ വഴികളിലുഴലാതെ
പാപത്തിൻ പാതകൾ പുണരാതെ
ദൈവത്തിൻ പരിമളപൂവനിയിൽ
പനിമലരായ് വന്നൊരു പുണ്യാത്മാ

മാമലമേലുയരും നഗരം നീ
മോഹനമാം നിർമ്മല ദീപം നീ;
ധരയിന്മേൽ മർത്യനു മാതൃക നീ
വിനയമൊടെ വന്ദനമരുളുന്നു.

ലോകത്തിൻ ...

## ന. കർത്താവിന്റെ തിരുനാളുകൾക്ക്

**കാർമ്മി:** അങ്ങയിൽ അഭയം തേടുന്നവരെ അനുഗ്രഹിക്കുന്ന കാരുണ്യവാനായ കർത്താവേ, അങ്ങയുടെ കൃപയുടെ വാതിൽക്കൽ മുട്ടിവിളിക്കുന്ന പാപികളായ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. നിർമ്മല ഹൃദയത്തോടും പരിശുദ്ധ മനസ്സാക്ഷിയോടുംകൂടെ അങ്ങയെ ശുശ്രൂഷിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയുടെ തിരുമനസ്സിനു യോജിച്ചവിധത്തിൽ ഞങ്ങളുടെ ഉദ്ദിഷ്ടകാര്യം സാധിച്ചുതന്നുകൊണ്ട് ഞങ്ങളെയും ഞങ്ങളുടെ കുടുംബാംഗങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

### വിശുദ്ധരുടെ തിരുനാളുകൾക്ക്

**കാർമ്മി:** അത്ഭുതകരമായ വരങ്ങളാൽ വിശുദ്ധരെ അലങ്കരിക്കുവാൻ തിരുവുള്ളമായ ദൈവമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന വിശുദ്ധ ... ന്റെ സുകൃതങ്ങൾ പരിഗണിച്ചുകൊണ്ട് ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ തിരുമനസ്സിനു യോജിച്ചവിധത്തിൽ ഞങ്ങളുടെ ഉദ്ദിഷ്ടകാര്യം സാധിച്ചുതന്നുകൊണ്ട് ഞങ്ങളേയും ഞങ്ങളുടെ കുടുംബാംഗങ്ങളേയും സമൃദ്ധമായി അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

*(തിരുശേഷിപ്പുകൊണ്ടോ കുരിശുരൂപംകൊണ്ടോ കാർമ്മികൻ ജനങ്ങളെ ആശിർവ്വദിക്കുന്നു).*

### സമാപന ഗാനം

ഞാനെൻ നാഥനെ വാഴ്ത്തുന്നു
മോദം പൂണ്ടു പുകഴ്ത്തുന്നു;
എളിയൊരു ദാസിയെ നിഖിലേശൻ
കനിവൊടു തൃക്കൺ പാർത്തല്ലോ.

രക്ഷകനലിവു നിറഞ്ഞെന്നിൽ
ദിവ്യവരങ്ങൾ ചൊരിഞ്ഞതിനാൽ
ഇന്നുതുടങ്ങി തലമുറകൾ
വാഴ്ത്തിടുമെന്നെ നിരന്തരമായ്.

ഭക്തജനത്തിനു സകലേശൻ
നിത്യമനുഗ്രഹമരുളുന്നു.;
ഗർവ്വിതനപജയമേറുന്നു
ബലമൊടു വിജയം നേടുന്നു.

എളിയ ജനത്തെ വളർത്തുന്നു;
ബലമുള്ളവരെ താഴ്ത്തുന്നു;
ധനികർക്കൊന്നും നല്കാതെ
പശിയുള്ളവരെ പോറ്റുന്നു.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS